**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 290** **27-06-2024 - ൽ മറുപടിയ്ക്ക്**

**ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസബിലിറ്റീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കലാ-സാഹിത്യ മേഖലകളിൽ അഭിരുചിയുള്ള ഭിന്നശേഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | കലാ-കായിക മേഖലകളിൽ കഴിവു തെളിയിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന ശ്രേഷ്ഠം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ അന്താരാഷ്ട്ര ദിനത്തോടനുബന്ധിച്ച് ഭിന്നശേഷിക്കാർക്കായി കലാകായിക മൽസരങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>കേരള സാമൂഹ്യ സുരക്ഷാ മിഷനും, (KSSM) കേരള ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലും (KDISC) സംയുക്തമായി ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2019 ൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ കലാസാഹിത്യ മേഖലകളിൽ കഴിവും പ്രാഗത്ഭ്യവും തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരെ കണ്ടെത്തി അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും അവർക്ക് അനുകൂലമായ സാഹചര്യങ്ങളും വിവിധ സഹായ സംവിധാനങ്ങളും നൽകുന്നതിനുമാണ് വിഭാവനം ചെയ്തിരിക്കുന്നത്.<br><br>പ്രസ്തുത പദ്ധതിയിലൂടെ സംഗീതം, വീഡിയോഗ്രാഫി & ഫോട്ടോഗ്രാഫി, ഡ്രോയിംഗ് & പെയിന്റിംഗ്, മിമിക്രി എന്നീ മേഖലകളിൽ പ്രാഗത്ഭ്യം ഉള്ളവരും, 40% അതിലധികമോ ഭിന്നശേഷിയുള്ളവരും ആയ കുട്ടികളെ തിരഞ്ഞെടുത്ത് അവർക്ക് വേണ്ടി റെസിഡൻഷ്യൽ ക്യാമ്പ് നടത്തുകയും നൈപുണ്യ പരിശീലനം നൽകുകയും ചെയ്യുന്നു. |
| (ബി) | ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസബിലിറ്റീസ് എന്ന പദ്ധതി മുഖേന ഭിന്നശേഷിക്കാർക്ക് ലഭ്യമാവുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് എന്ന പദ്ധതി മുഖേന വിവിധ കലാമേഖലകളിൽ പ്രാഗത്ഭ്യം ഉള്ള ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തി, അവരുടെ |

| | | | |
|---|---|---|---|
| | | | കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകി, കൂടുതൽ വൈദഗ്ദ്യം ലഭ്യമാക്കി സാമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിലേയ്ക്കായിട്ടാണ് കേരള സാമൂഹ്യ സുരക്ഷാ മിഷനും , കേരള ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലും സംയുക്തമായി പ്രസ്തുത പദ്ധതി നടപ്പാക്കിയത്.<br><br>സംഗീതം, നൃത്തം വിഡിയോഗ്രാഫി & ഫോട്ടോഗ്രാഫി, ഡ്രോയിംഗ് & പെയിന്റിംഗ്, മിമിക്രി മേഖലകളിൽ പ്രാഗത്ഭ്യം ഉള്ളവരും 40% മോ അതിലധികമോ ഭിന്നശേഷിയുള്ളവരും ആയിരിക്കണം അപേക്ഷകർ എന്ന നിബന്ധന ഉൾപ്പെടുത്തി താൽപര്യമുള്ളവർക്ക് അപേക്ഷിക്കുന്നതിലേക്കായി പത്രം, സോഷ്യൽ മീഡിയ മാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും സ്ക്രീനിംഗ് നടത്തി തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിച്ചുമാണ് കുട്ടികളെ കണ്ടെത്തിയത്.<br><br>2019-20 സാമ്പത്തിക വർഷത്തിൽ ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് (TSYD) ആദ്യഘട്ട പരിപാടിയുടെ ഭാഗമായി 46 കുട്ടികൾക്ക് ത്രിദിന  റെസിഡൻഷ്യൽ ക്യാമ്പ് നടത്തുകയും അവരുടെ കഴിവുകൾക്കനുസൃതമായി പരിശീലനങ്ങളും സഹായങ്ങളും നൽകുകയും ചെയ്തിരുന്നു.<br><br>2022-23 സാമ്പത്തിക വർഷത്തിൽ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 40% ഭിന്നശേഷി ഉള്ള ഭിന്നശേഷിക്കാരിൽ സംസ്ഥാന തലത്തിൽ അപേക്ഷ ക്ഷണിക്കുകയും ആയത് പ്രകാരം 127 അപേക്ഷകൾ ലഭിക്കുകയും  അപേക്ഷ ക്ഷണിച്ച അഞ്ച് കാറ്റഗറിയിലും (മിമിക്രി, മ്യൂസിക്, ഡാൻസ്, വീഡിയോഗ്രാഫി, ഡ്രോയിംഗ്) സ്ക്രീനിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്ക്രീനിംഗ് നടത്തി 81 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ചെയ്തു. 2023 ജനുവരി 23,24,25 തീയതികളിൽ ശ്രീകാര്യം മരിയാറാണി സെന്ററിൽ വച്ച് ത്രിദിന റെസിഡൻഷ്യൽ ക്യാമ്പ് നടത്തി തെരെഞ്ഞെടുത്ത 41 കുട്ടികൾക്ക് കേരളീയം ഉൾപ്പെടെയുള്ള വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള അവസരം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർന്നും ഇവർക്ക് സാധ്യമാകുന്ന രീതിയിൽ പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ